**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 716** | **28-01-2026 - ൽ മറുപടിയ്ക്ക്**

**മങ്കട നിയോജകമണ്ഡലത്തിലെ വൈദ്യുതവകുപ്പ് പദ്ധതികൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. മഞ്ഞളാംകുഴി അലി</td><td colspan="2">ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>മങ്കട നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും അതിൽ പൂർത്തിയായ പ്രവൃത്തികൾ , പുരോഗമിച്ചു കൊണ്ടിരിക്കുന്ന പ്രവൃത്തികൾ , ഇനിയും ആരംഭിക്കാത്ത പ്രവൃത്തികൾ എന്നിവ ഏതെല്ലാമെന്നും വിശദമാക്കാമോ;</td><td>(എ)</td><td><u>കെ.എസ്.ഇ.ബി.എൽ.</u><br><br>മങ്കട നിയോജക മണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 1,17,18,874/- രൂപ ചെലവിൽ 278 kW സ്ഥാപിത ശേഷിയിൽ 21 പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>മങ്കട നിയോജക മണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 1,95,230/- രൂപ ചെലവിൽ 7 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>മങ്കട നിയോജകമണ്ഡലത്തിൽ പ്രസരണമേഖലയിൽ കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.<br><br><u>പൂർത്തിയായ പ്രവൃത്തികൾ:</u><br><br>1. 66kV സബ്സ്റ്റേഷൻ, മങ്കട - സബ്സ്റ്റേഷന്റെയും അനുബന്ധ 110kV മലപ്പുറം - മങ്കട ലൈനിന്റെയും നിർമ്മാണം<br>2. 66kV സബ്സ്റ്റേഷൻ, മങ്കട - 110kV ആയി അപ്ഗ്രേഡ് ചെയ്യൽ<br>3. 66kV വലമ്പൂർ - ഏലച്ചോല DC ലൈൻ - 110kV ആയി അപ്ഗ്രേഡ് ചെയ്യൽ110kV സബ്സ്റ്റേഷൻ, മങ്കട - ശേഷി വർദ്ധിപ്പിക്കൽ-നിലവിലുള്ള 110/11kV, 10 MVA ട്രാൻസ്ഫോർമറിനു പുറമെ 12.5 MVA കൂടി സ്ഥാപിക്കൽ<br><br><u>മങ്കട നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് വിതരണ വിഭാഗം മുഖേന നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ</u><br><br>1. മങ്കട നിയോജക മണ്ഡലത്തിൽ വിവിധ സെക്ഷൻ ഓഫീസുകളിലായി കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ താഴെ പറയുന്ന വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് :<br><br>i) 11 കെ. വി. ലൈൻ നിർമ്മാണം - 137 കി. മി.<br><br>ii) പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചത്. - 228 എണ്ണം<br><br>iii) സിംഗിൾ ഫേസിൽ നിന്ന് ത്രീ ഫേസിലേക്കുള്ള പരിവർത്തനം - 226.കി. മി.<br><br>iv) എൽ ടി ലൈൻ നിർമ്മാണം - 32 കി. മി.<br><br>2. പുരോഗമിച്ചു കൊണ്ടിരിക്കുന്ന പ്രവൃത്തികൾ :<br><br>i) ദ്യുതി 2025-26 പദ്ധതിക്ക് കീഴിൽ 13.54 കോടിയുടെ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.<br><br>ii) ആർ.ഡി.എസ്.എസ് പദ്ധതിക്കു കീഴിൽ 23.30 കോടിയുടെ പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുന്നു.<br><br>3. ആരംഭിക്കാനായി പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ :<br><br>i) ദ്യുതി 2026-27 പദ്ധതിക്ക് കീഴിൽ 38.18 കോടിയുടെ പ്രവൃത്തികൾ ആരംഭിക്കാനുണ്ട്.<br><br>ii) മലപ്പുറം പാക്കേജ് പദ്ധതിക്ക് കീഴിൽ 10.07 കോടിയുടെ പ്രവൃത്തികൾ ആരംഭിക്കാനുണ്ട്.<br><br><u>അനെർട്ട്</u><br><br>കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ മങ്കട നിയോജകമണ്ഡലത്തിൽ അനെർട്ട് മുഖേന പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിൽ 10 കിലോ വാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിച്ചു. വിശദാംശങ്ങൾ ചുവടെ</td></tr>
</table>

<table>
<tr><td></td><td></td><td></td><td>
ചേർക്കുന്നു.
<table>
<tr><th>Sl. No.</th><th>Name of Site</th><th>Capacity In kW</th><th>Date of Completion</th><th>status</th><th>Location</th></tr>
<tr><td>1</td><td>Puzhakattiri Gramapanchayat</td><td>10kw</td><td>23.05.2024</td><td>Completed</td><td>Puzhakattir</td></tr>
</table>
സൗരോർജ്ജ ഉത്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കൃഷി ഭവൻ മുഖേനെ സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക് തുകയുടെ 30% കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ബാക്കി വരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ് (RIDF) ലോൺ വഴിയാണ് കണ്ടെത്തുന്നത്.
MNRE നിന്നും അനുമതി ലഭിച്ച 9348 പമ്പുകളാണ് സൗരോർജ്ജവൽക്കരിക്കുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി മങ്കട മണ്ഡലത്തിലെ അങ്ങാടിപ്പുറം, പുഴക്കാട്ടിരി, മൂർക്കനാട്, മങ്കട കൃഷി ഭവൻ പരിധിയിൽ 121 പമ്പുകൾ സൗരോർജ്ജവൽക്കരിക്കുവാൻ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്, ഇതിൽ 90 എണ്ണം നിർമ്മാണം പൂർത്തീകരിക്കുകയും, 55 എണ്ണം ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.
</td></tr>
<tr><td>(ബി)</td><td>മങ്കട നിയോജകമണ്ഡലത്തിൽ ഏറ്റവും അടിയന്തരമായി വകുപ്പ്നടപ്പിലാക്കേണ്ട മറ്റ് പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;</td><td>(ബി)</td><td>
<u>കെ.എസ്.ഇ.ബി.എൽ.</u>
<ol>
<li>110kV സബ്സ്റ്റേഷൻ, മങ്കടയുടെ ശേഷി 22.5 MVA യിൽ (1x10MVA + 1x12.5MVA) നിന്നും 25MVA (2x12.5MVA) ആയി വർധിപ്പിക്കുന്ന പ്രവൃത്തി</li>
<li>മലപ്പുറം പാക്കേജ് പദ്ധതിക്ക് കീഴിൽ 10.07 കോടിയുടെ പ്രവൃത്തികൾ ആരംഭിക്കാനുണ്ട്.</li>
</ol>
</td></tr>
<tr><td>(സി)</td><td>മക്കരപ്പറമ്പ് ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് കൂട്ടിലങ്ങാടി ആസ്ഥാനമാക്കി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് അറിയിക്കുമോ; ഈ ആവശ്യം പരിഗണിയ്ക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?</td><td>(സി)</td><td>മക്കരപ്പറമ്പ് ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് കൂട്ടിലങ്ങാടി ആസ്ഥാനമാക്കി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം നിലവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്ന് കെ.എസ്.ഇ.ബി.എൽ അറിയിച്ചിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ